2013-14 വർഷം മണ്ണാർക്കാട് യൂണിറ്റിലെ യാർഡ് വികസിപ്പിക്കുന്നതിനായി 30 ലക്ഷം രൂപ കോർപ്പറേഷന് പദ്ധതി വിഹിതമായി സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. 2015-16 വർഷം പാലക്കാട് ഡിപ്പോയിൽ ബസ്സ് ടെർമിനൽ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപ കോർപ്പറേഷന് പദ്ധതി വിഹിതമായി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) ടി കാലയളവിൽ കെ.എസ്.ആർ.ടി.സി. നവീകരണത്തിനായി പാലക്കാട് ജില്ലയിൽ 1.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പെൻഷൻ

264 (1969) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ മുടങ്ങിയിട്ട് എത്ര മാസമായി എന്ന് അറിയിക്കുമോ ?

ഉത്തരം

2015 ഏപ്രിൽ, മേയ് മാസങ്ങളിലെ പെൻഷൻ തുക പൂർണ്ണമായും കുടിശ്ശികയാണ്. 2015 ജൂൺ മാസത്തിലെ പെൻഷൻ തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2014 ഒക്ടോബർ മാസം മുതൽ 2015 മാർച്ച് മാസം വരെയുള്ള കാലയളവിലെ പെൻഷൻ പരമാവധി 15000 രൂപയായി നിജപ്പെടുത്തിയാണ് വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന തുക കുടിശ്ശികയാണ്.

കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളുടേയും വർക്ക്ഷോപ്പുകളുടേയും നവീകരണം

265 (1970) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളുടേയും വർക്ക് ഷോപ്പുകളുടെയും നവീകരണം, പുതിയ ബസ് സ്റ്റേഷനുകളുടെ നിർമ്മാണം, ആധുനിക ഗാരേജുകളുടെ നിർമ്മാണം എന്നിവയ്ക്കായി 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 17.32 കോടി രൂപ നീക്കി വച്ചിരുന്നതു വിനിയോഗിച്ച് നടപ്പിലാക്കിയ എല്ലാ പ്രവൃത്തികളുടേയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly